കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1834/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001

Phone: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയതി: 16.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണൂർ ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ്-215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഖണ്ഡികകളിലേയ്ക്കും ഭാഗം 3 , ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ-15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം-21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ)

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/1834/2017 തീയ്യതി: 16.11.2017

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആമുഖം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 05-03-17 മുതൽ 02-11-17തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടി പരിഗണിച്ചതിന് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ടഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മാത്തിൽ(സീനിയർ ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-11-2017മുതൽ 09-11-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ശശികുമാർ. എം.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. സുധീഷ്.എം,പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മിധുചന്ദ്ര.സി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ .കുട്ടവൻ പത്മനാഭൻ | 01-04-2016 മുതൽ<br>31-03-2017 വരെ<br>. |
| സെക്രട്ടറി | ശ്രീ.രാഖേഷ്.ഇ.ടി | 01-04-16 മുതൽ<br>14-06-16 വരെ |
| | ശ്രീമതി. ആയിഷ-(ജോയിന്റ് ബി.ഡി.ഒ-അധിക ചുമതല) | 15-06-16 മുതൽ<br>31-03-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.സിന്ധു എൻ.പണിക്കർ | 01-04-16 | 25-08-16 |
| | | ശ്രീമതി.ശ്രീകല. എസ്. | 26-08-16 | 10-02-17 |
| | | ശ്രീ.ഉമേഷ്.പി.വി | 11-02-17 | 07-03-17 |
| | | ശ്രീ.വിഷ്ണു.എസ്. നായർ | 08-03-17 | 31-03-17 |
| 2 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.സ്മിത മാരാർ | 01-04-2016 | 31-03-2017 |

| | | | | |
|---|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.-പാപ്പിനിശേരി | ഡോ.ഷാഹിനാ ബായ് | 01-04-2016 | 31-03-2017 |
| 4 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.-അഴീക്കോട് | ഡോ.സന്തോഷ്.ബി. | 01-04-2016 | 31-03-2017 |
| 5 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. മനോജ് കുമാർ അക്കോട്ടില്ലം | 01-04-2016 | 20-12-16 |
| | | ശ്രീ.ബാലകൃഷ്ണൻ. കെ.എം | 21-12-16 | 31-03-17 |
| 6 | സി.ഡി.പി.ഒ | ശ്രീമതി. സുധ.എം. | 01-04-2016 | 22-07-2016 |
| | | ശ്രീമതി.ശോഭ കുമാരി കെ.ജി | 23-07-16 | 31-03-17 |
| 7 | ബ്ലോക്ക് പട്ടികജാതി വികസന .ഓഫീസർ | ശ്രീമതി.വിമല. സി | 01-04-16 | 31-03-17 |
| 8 | സൂപ്രണ്ട് ഗവൺമെന്റ് വൃദ്ധസദനം | ശ്രീ.പവിത്രൻ .ടി | 01-04-16 | 31-03-17 |

| | | | | |
|---|---|---|---|---|
| 9 | വ്യവസായ വികസന ഓഫീസർ | ശ്രീ.കെ.ഇ.സുരേഷ് ബാബു | 01-04-16 | 31-03-17 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം-1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |

| | | |
|---|---|---|
| 10 | 1-10 | അനുബന്ധങ്ങൾ |
| ഭാഗം 2 | | |
| 11 | 2-1 | ഇ-ടെണ്ടർ : ടെണ്ടർ ഫീസിനത്തിലെ വില വരവ് വരാത്തത് |
| 12 | 2-2 | കുടിശ്ശിക പിരിക്കാൻ നടപടി വേണം |
| ഭാഗം 3 | | |
| 13 | 3-1 | ഐ ആർ ഡി പി മേള - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് |
| 14 | 3-2 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല |
| 15 | 3-3 | ഐസിഡിഎസ് പ്രൊജക്ട് ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ :പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ :138668 /- രൂപ തടസ്സപ്പെടുത്തുന്നു. |
| 16 | 3-4 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - കൈപ്പറ്റ് രസീതി, ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| | | |
| 17 | 3-5 | ബ്ലോക്ക് പഞ്ചായത്തിൻെറ ചുമതലയിൽപെടാത്ത ഇനത്തിലെ ചെലവ് - 72900/-രൂപ തടസ്സപ്പെടുത്തുന്നു |
| 18 | 3-6 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 19 | 3-7 | ഐ എ വൈ - ഭവന പദ്ധതി : വാർഷിക കണക്കിലെ നീക്കിയിരിപ്പിലെ അപാകം സംബന്ധിച്ച് |
| 20 | 3-8 | കാർഷിക മേള നടത്തിപ്പ്-മാർഗ്ഗ രേഖ വിരുദ്ധമായ ചെലവ്-247797രൂപ തടസപ്പെടുത്തുന്നു. |
| 21 | 3-9 | പാപ്പിനിശ്ശേരി സി.എച്ച്.സിയിൽ ബയോ മെഡിക്കൽ മാനേജ്മെന്റ് -രേഖകൾ ലഭ്യമാക്കിയില്ല- 69550 രൂപ തടസപ്പെടുത്തുന്നു. |
| 22 | 3-10 | ക്ഷീര സഹകരണ സംഘങ്ങളിലൂടെ പാലിന് സബ്സിഡി-ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല- 134822രൂപ തടസപ്പെടുത്തുന്നു. |

| | | |
|---|---|---|
| 23 | 3-11 | പ്ലാസ്റ്റിക്ക് റീ സൈക്ലിംഗ് യൂനിറ്റിന് 2098398 രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങി-പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല-അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 24 | 3-12 | സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നല്കൽ-കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-150815 രൂപ തടസപ്പെടുത്തുന്നു. |
| 25 | 3-13 | പ്രസിഡണ്ടിൻെറ ഔദ്യോഗിക വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ |
| ഭാഗം -4 | | |
| 26 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 30 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |

| | | |
|---|---|---|
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 33 | 4-8 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 34 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 36 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 37 | Appendix-1 | Audit Cetificate |
| 38 | Appendix-2 | Income and expenditure statement |
| 39 | Appendix-3 | Receipt& Payment Statement |
| 40 | Appendix-4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 27-02-2016 തീയതിയിലെ 118/15-16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | രേഖപ്പെടുത്തിയിട്ടില്ല | 17018689 |
| വരവ് | 48151000 | 62127869 |
| ആകെ | 48151000 | 79146558 |
| ചെലവ് | 47877000 | 64455519 |
| നീക്കിയിരിപ്പ് | 274000 | 14691039 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-2017 | 31-07-2017 | ഓൺലൈൻ സബ്മിഷൻ | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൻെറ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ന്യൂനതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റിലെ *B4* ഷെഡ്യൂളിൽ *320800101 ,320700404 ,320100199 ,320700103 ,320700203, 320700205* എന്നീ കോഡുകളിലുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

4.ബാലൻസ് ഷീറ്റിൽ *B18* ഷെഡ്യൂളിൽ കാണിച്ച *289000/-* രൂപ, *1080800/-* രൂപ എന്നിവ യഥാർത്ഥത്തിൽ ക്രമീകരിച്ച തുകയാണ്.

5.ബാലൻസ് ഷീറ്റിൽ *B18* ഷെഡ്യൂളിൽ *Temporary advance ,Electricity deposits* എന്നീ ഇനങ്ങളിൽ കാണിച്ച തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

6.ബാലൻസ് ഷീറ്റിൽ *B 9* ഷെഡ്യൂളിൽ കാണിച്ച തുകകളുടെ കൃത്യത പരിശോധിക്കുവാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 17018689 |
| വരവ് | 62127869 |
| ആകെ | 79146558 |
| ചെലവ് | 64455519 |
| നീക്കിയിരിപ്പ് | 14691039 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് തുക | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22296416 | 19099995 | 3196421 | 85.66 |
| വികസന ഫണ്ട്(എസ്.സി.പി) | 8406765 | 5796989 | 2636776 | 68.95 |
| വികസന ഫണ്ട്(ടി.എസ്.പി) | 44823 | 44823 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3476445 | 3297819 | 178626 | 94.86 |

മറ്റ് ഫണ്ടുകളുടെ വിവരം

| ഇനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബി.ഫണ്ട് | 0 | 400000 | 400000 | 400000 | 0 |
| സമ്പൂർണ്ണ ശുചിത്വം | 491085 | 97964 | 589049 | 87464 | 501585 |
| സാക്ഷരത | 63391 | 3408 | 66799 | - | 66799 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 90 | 82950178 | 65 | 29239624 | 0 | 25 | 72 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഓഫീസർ | 6 | 4 | 2268424 | 661547 | 29.16 |
| 2 | ക്ഷീര വികസന ഓഫീസർ | 1 | 1 | 500000 | 500000 | 100 |
| 3 | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. പാപ്പിനിശ്ശേരി | 5 | 5 | 851789 | 847066 | 99.44 |
| 4 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി.-അഴീക്കോട് | 7 | 7 | 1145410 | 1093943 | 95.5 |
| 5 | സി.ഡി.പി.ഒ | 5 | 5 | 1601023 | 1532484 | 95.72 |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 42 | 21 | 24126738 | 9937253 | 41.19 |

| | | | | | | |
|---|---|---|---|---|---|---|
| 7 | പട്ടികജാതി വികസന ഓഫീസർ | 6 | 5 | 1365780 | 1098210 | 80.41 |
| 8 | വ്യവസായ വികസന ഓഫീസർ | 1 | 1 | 12500 | 12500 | 100 |
| 9 | സൂപ്രണ്ട് വൃദ്ധസദനം | 2 | 2 | 175810 | 175059 | 99.57 |
| 10 | സെക്രട്ടറി | 15 | 14 | 50902704 | 13381562 | 26.29 |
| ആകെ | | 90 | 65 | 82950178 | 29239624 | 35.24 |

ആകെ പദ്ധതി അടങ്കലിന്റെ കേവലം 35 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് ഗൗരവകരമായ അപാകതയാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## **1-7** <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56.24 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| | 2015-16 | 2016-17 | വ്യത്യാസം (+)/(-) | ശതമാനം |
|---|---|---|---|---|
| തനത് വരുമാനം | 411218 | 642497 | (+)231279 | 56.24 |

## **1-8** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-01-17 | 2014-15 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 12-08-15 മുതൽ | 01-08-13 മുതൽ | 13-10-15 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 17-08-15 വരെ | 31-07-15-വരെ | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-11-17 തീയ്യതിയിൽ ഉച്ചക്ക് ശേഷം 3.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാസമയത്ത് ക്യാഷ് നീക്കിയരിപ്പ് ഉണ്ടായിരുന്നില്ല.

## 1-10 അനുബന്ധങ്ങൾ

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2.ബാലൻസ്ഷീറ്റ്

3.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

4.റസീറ്റ് & പെയ് മെന്റ് സ്റ്റേറ്റ്മെന്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2- 1 ഇ-ടെണ്ടർ : ടെണ്ടർ ഫീസിനത്തിലെ വില വരവ് വരാത്തത്.

2016-17 വർഷം ബ്ലോക്ക് പഞ്ചായത്തിലെ മരാമത്ത് പവൃത്തികളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ ടെണ്ടറുകളുടെ, ടെണ്ടർ ഫീസിനത്തിലെ വില യായ 104327/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്. ആയത് തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി വേണം

എ.എഫ്.എസ്.-ലെ ബി.15 ഷെഡ്യൂൾ പ്രകാരം ആകെ 49757 രൂപ വാടക ഇനത്തിൽ കുടിശ്ശികയായി ഉണ്ട്. ഡി.സി.ബി. രജിസ്റ്ററിൽ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാനായില്ല. കുടിശ്ശിക പരിച്ചെടുത്ത തനത് വരുമാനം വർദ്ധപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ ആർ ഡി പി മേള - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്

| വൗച്ചർ നം | തീയതി | തുക | ചെക്ക് നം |
|---|---|---|---|
| 12 | 17.08.2016 | 50000 | 1764516 |

ഐ ആർ ഡി പി മേളക്കായി 50000 രൂപ ബ്ലോക്ക് വിഹിതമായി പ്രൊ.ഡയറക്ടർ,

പി .എ.യു ന് (ഡി ഡി നം 914569 തീയതി 18.08.2016,ഡി ഡി നം 914570, 18.08.2016) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കുന്നതിൽ കാലതാമസം -നിയമപരമായ പിഴ ഈടാക്കുന്നില്ല

KPWDമാന്വലിലെ(ജിഒ(പി)13/2012/PWD/01.02.12)സെക്ഷൻ 2009.6 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതും, നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുമാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാറുടമ്പടി വെക്കാവുന്നതാണ്. തുടർന്നും കരാർ വെയ്ക്കാതിരുന്നാൽ, കരാർ റദ്ദാക്കേണ്ടതും മാന്വലിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൻ വർഷം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത കാലാവധിക്കകം കരാർ ചമക്കാതിരുന്നിട്ടും നിയമപരമായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പ്രവൃത്തിയുടെ പേര് | കരാറുകാരൻ | പി.എ.സി.തുക | പിഴ കൂടാതെ കരാർ ചമക്കാൻ സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയ തീയതി | കരാറുകാരൻ കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (രൂപ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 20 /17<br>ചിറക്കൽ മന്ന മായിച്ചാൻകുന്ന് തോട് ആഴം കൂട്ടൽ | ശ്രീ.സ്വരൂപ് കൊക്കേൻ | 544702 | 01-02-17 | 13-02-17 | 5447 |
| 2 | 22 /17<br>ആലോട്ട് വയൽ തോട് അതിർത്തി സംരക്ഷണം | ശ്രീ.സ്വരൂപ് കൊക്കേൻ | 543143 | 01-02-17 | 13-02-17 | 5431 |

നിയമപരമായ പിഴ കരാറുകാരനിൽനിന്നോ പിഴ ഈടാക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 ഐസിഡിഎസ് പ്രൊജക്ട് ഓഫീസിൻെറ അടിസ്ഥാന സൗകര്യങ്ങൾ :പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ :138668 /- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | SOO82/17 |
| പ്രൊജക്ടിൻെറ പേര് | ഐസിഡിഎസ് ഓഫീസിൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ |
| അടങ്കൽ | 201007( മെയിൻെറനൻസ്-റോഡിതരം) |
| ചെലവ് | 138668/- രൂപ |
| ബിൽ നമ്പർ , തീയതി : | 2/16-17, 24.1.2017 |

ശിശു വികസന പദ്ധതി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഐസിഡിഎസ് പ്രൊജക്ട് ഓഫീസിൻെറ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്താനായി കാഡ്കോയിൽ നിന്നും നേരിട്ട് ക്യാബിനും മറ്റ് അനുബന്ധ ഫർണീച്ചറുകളും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

കാഡ്കോ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം എൽ ഷേപ്പ് ക്ലറിക്കൽ കൗണ്ടർ 120 cmx60 cmx75cm + 90 cmx60 cmx75 cm സ്പെസിഫിക്കേഷനിലുള്ളതാണ്( 6 എണ്ണംx 17444 + വാറ്റ്= 119840 രൂപ) .

എന്നാൽ സാധനങ്ങൾ സപ്ലൈ ചെയ്ത ഇൻവോയിസ് പ്രകാരം (നം 128 തീയതി 21.11.2016) 120 cmx60 cmx75cm + 60cm x 45cm x75 cm എന്ന സ്പെസിഫിക്കേഷനിലുള്ള കൗണ്ടർ എന്നാണ് കാണിച്ചിരിക്കുന്നത്. ആയതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷന്റെ തുക തന്നെയാണ് നൽകിയിരിക്കുന്നത്.

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലെ ചെലവ് തുകയായ 138668 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിചലനം പരിശോധിക്കാതെ തുക നൽകിയതുമൂലം അധികം തുക നൽകിയോ എന്ന് പരിശോധിക്കേണ്ടതും നല്കിയെങ്കിൽ പ്രസ്തുത തുക ഈടാക്കേണ്ടതുമാണ്.

## 3-4 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - കൈപ്പറ്റ് രസീതി, ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | SOO13/17 |
| പ്രൊജക്ടിൻടെറ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം |
| അടങ്കൽ | 986116( വി.ഫ- പൊതു) |
| ചെലവ് | 986116 |
| ബിൽ നമ്പർ , തീയതി ,തുക | 3/16-17, 10.03.2017,578816<br>4/16-17,31.03.2017,407300 |

2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പദ്ധതി നടത്തിപ്പിനായി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിൻടെറ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചുവടെ കാണിച്ചിരിക്കുന്ന രീതിയിൽ ശിശു വികസന പദ്ധതി ഓഫീസർ നൽകിയിട്ടുണ്ട്.

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | അഴീക്കോട് | 346016 |

| | | |
|---|---|---|
| 2 | പാപ്പിനിശ്ശേരി | 232800 |
| 3 | ചിറക്കൽ | 325125 |
| 4 | വളപട്ടണം | 82175 |
| ആകെ | | 986116 |

എന്നാൽ പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചെലവ് തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

## 3-5 ബ്ലോക്ക് പഞ്ചായത്തിൻെറ ചുമതലയിൽപെടാത്ത ഇനത്തിലെ ചെലവ് - 72900/-രൂപ തടസ്സപ്പെട്ടുത്തുന്നു

നിർവ്വഹണം : സെക്രട്ടറി

| വൗച്ചർ നം | തീയതി | തുക | ചെക്ക് നം |
|---|---|---|---|
| 15 | 21.06.2016 | 72900 | 1619188 |

2015-16 വർഷം , വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "സാക്ഷരതാ പഠിതാക്കളുടെ ഫീസ് നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ 5/16 ) " അംഗീകാരം ലഭിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കിയിരുന്നില്ല.

2016- 17 വർഷം മേൽ പദ്ധതിക്ക് വേണ്ടി ഡി.പി.സി. അംഗീകാരത്തിന് സമർപ്പിച്ചിരുന്നെങ്കിലും ആയത് ലഭിച്ചിരുന്നില്ല.

എന്നാൽ പത്താം തരം, പ്ലസ് ടു തുല്യതാ പഠനത്തിൻെറ കോഴ്സ് ഫീ നൽകുന്നതിന് തൻ വർഷം മേൽ വൗച്ചർ പ്രകാരം കേരള സാക്ഷരതാ മിഷന് 72900 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിൻെറ 06.10.2016 ലെ സർ. നം 48360/FM/09 പ്രകാരം ഈ ഇനത്തിലെ ചെലവ് ഗ്രാമ പഞ്ചായത്ത് / നഗര സഭ മാത്രമേ ചെയ്യാൻ പാടുള്ളൂ. ആയത് ഗ്രാമ പഞ്ചായത്തിൻെറ ചുമതലയിൽപെട്ട ഇനം കൂടിയാണ്.

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ പ്രകാരം പഞ്ചായത്ത് രാജ് നിയമം 4-ാം പട്ടിക പ്രകാരമുള്ള ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയായിരിക്കണം ബ്ലോക്ക് പഞ്ചായത്തുകൾ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷരതാ പരിപാടി നടപ്പിലാക്കുന്നതിൻെറ ചുമതല ബ്ലോക്ക് പഞ്ചായത്തിനില്ല.

2. പത്താം തരം തുല്യതാ പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾ കേരള സാക്ഷരതാ മിഷന് തുക ഒടുക്കുന്നുണ്ടെന്നിരിക്കെ ഈ ഇനത്തിൽ ഇരട്ട ചെലവ് വരാനിടയുണ്ട് .

3. ഡി പി സി അംഗീകാരം ഇല്ലാതെയാണ് തനത് ഫണ്ടിൽ നിന്നും തുക നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ ഡി.പി.സി അംഗീകാരം ഇല്ലാതെയും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ പദ്ധതി നടപ്പിലാക്കിയതിനാൽ ഈ ഇനത്തിൽ ചെലവ് ചെയ്ത തുകയായ 72900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗരേഖയും ലംഘിക്കുന്നത് അനുവദിച്ചുകൂടാത്തതാണ്. തൃപ്തികരമായ വിശദീകരണം നൽകാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-6 <u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.</u>

| | |
|---|---|
| പ്രോജക്ട് നം | SOO83/17 |
| പ്രൊജക്ടിൻെറ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം |
| അടങ്കൽ | 51900( വി.ഫ- പൊതു)<br>8825 (തനത്) |
| ചെലവ്<br>ആകെ | 51900 ( വി.ഫ- പൊതു)<br>8825 (തനത്)<br>60725 |
| ബിൽ നമ്പർ , തീയതി : | 1/16-17, 23.11.2016 |

ശിശു വികസന പദ്ധതി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ (സ്പിൽ ഓവർ പ്രൊജക്ട്) ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 51900 രൂപയും , തനത് ഫണ്ടിൽ നിന്നും 8825 രൂപയും കൂടി ആകെ 60725 രൂപ ശിശു വികസന പദ്ധതി ഓഫീസർ ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്, എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-7 ഐ എ വൈ - ഭവന പദ്ധതി : വാർഷിക കണക്കിലെ നീക്കിയിരിപ്പിലെ അപാകം സംബന്ധിച്ച്

ഐ എ വൈ ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിനായിയുള്ള ബ്ലോക്ക് പഞ്ചായത്തിൻെറ ബാങ്ക് അകൗണ്ടിൽ (A/c No. 405313101003509, കെ.ജി.ബി. കണ്ണൂർ ബ്രാഞ്ച്) 31.03.2017 ന് 65,10,094 രൂപയുടെ നീക്കിയിരിപ്പുണ്ട്. 2016-17 വർഷത്തിൽ ആകെ 2 ഗുണഭോക്താക്കൾ മാത്രമേ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ ഉള്ളൂ എന്നിരിക്കെ ഇത്രയും ഭീമമായ തുക ഇത്തരത്തിൽ നീക്കിയിരിപ്പുള്ളത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അകൗണ്ടിൽ ഉള്ള നീക്കിയിരിപ്പ് തുക ഏതൊക്കെ ഇനത്തിലുള്ളതാണെന്നും , ഏതൊക്കെ ഏജൻസികളിൽ നിന്നും ലഭിച്ചിട്ടുള്ളതാണെന്നും ഇനം തിരിച്ച് വിശദമായ വിവരണം തയ്യാറാക്കേണ്ടതും തിരിച്ചടക്കാൻ ബാക്കിയുള്ള തുക അതാത് അക്കൗണ്ടിൽ തിരികെ അടവാക്കേണ്ടതുമാണ്. രണ്ടു ഗുണഭോക്താക്കളുടെ വിഹിതം മാത്രം ബാക്കിയിരിക്കെ ഇത്രയും ഭീമമായ തുക അക്കൗണ്ടിലുള്ളത് ഏത് ഇനത്തിൽ പെട്ടതാണെന്നത് കൃത്യമായി അറിയാൻ കഴിയാത്തത് ഗൗരവകരമായ അപാകതയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് കൃത്യമായ വിശദീകരണം നൽകേണ്ടതാണ്. ഈ കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 കാർഷിക മേള നടത്തിപ്പ്- ചെലവ് രേഖകൾ ഹാജരാക്കിയില്ല - 247797 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ -എ.ഡി.എ.അഗ്രിക്കൾച്ചർ

പ്രൊജക്റ്റ് നമ്പർ : 31/17

പ്രൊജക്ടിന്റെ പേര് : കാർഷിക മേള

അടങ്കൽ : 343024 (വികസന ഫണ്ട്)

ബിൽ നം./ തീയതി :5/31.3.17 100000

ബിൽ നം./ തീയതി :6/31.3.17 147797
ചെലവ് 247797

മേൽതുക ചെലവഴിച്ച് കാർഷിക പ്രദർശന വിപണന മേള നടത്തി. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.മേള നടത്തിപ്പിനായി ക്വട്ടേഷൻ/ടെണ്ടർ വിളിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ആരൊക്കെ പങ്കെടുത്തു,എന്തൊക്കെ പരിപാടികൾ നടന്നു തുടങ്ങിയ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

3.പദ്ധതിയുടെ ഭാഗമായി 55000 രൂപ ഭക്ഷണ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കാർഷിക പ്രദർശന വിപണന മേളകളുടെ നടത്തിപ്പിനായി ഭക്ഷണ ഇനത്തിൽ ഇത്തരത്തിൽ തുക ചെലവഴിച്ചതിന്റെ സാംഗത്യം വിശദമാക്കിയില്ല.

4.ഇതിന്റെ കൂടെ അംഗൻവാടി കലോത്സവം, കുടുംബശ്രീ കലോത്സവം തുടങ്ങിയവ നടത്തിയതിന്റെ ചെലവുണ്ട്.ഇതിൻെ കാരണവും വിശദമാക്കിയില്ല.

5.പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 16/തീയ്യതി:8.11.2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,47,797 രൂപ തടസപ്പെടുത്തുന്നു

## 3-9 <u>പാപ്പിനിശ്ശേരി സി.എച്ച്.സിയിൽ ബയോ മെഡിക്കൽ മാനേജ്മെന്റ് -രേഖകൾ ലഭ്യമാക്കിയില്ല- 69550 രൂപ തടസപ്പെടുത്തുന്നു.</u>

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.പാപ്പിനിശ്ശേരി

പ്രൊജക്ട് നമ്പർ : 1/17

പ്രൊജക്ടിന്റെ പേര് : പാപ്പിനിശ്ശേരി സി.എച്ച്.സിയിൽ ബയോ മെഡിക്കൽ മാനേജ്മെന്റ്

അടങ്കൽ : 70000 എം.ജി.(എൻ.ആർ)

ബിൽ നം./ തീയതി :3/30.12.16 21275

ബിൽ നം./ തീയതി :9/14.3.17 10385

ബിൽ നം./ തീയതി :7/28.2.17 9339

ബിൽ നം./ തീയതി :13/28.3.17 28551

---------

ആകെ 69550

മേൽ തുക പാപ്പിനിശ്ശേരി സി.എച്ച്.സിയിലെ ബയോ മെഡിക്കൽ വേസ്റ്റ് ഒഴിവാക്കുന്നതിനായി ഇമേജ് (IMAGE) എന്ന സ്ഥാപനത്തിന് നല്കി.ഇതിനാവശ്യമായ ഉപകരണങ്ങൾ,സ്റ്റേഷനറി എന്നിവ വാങ്ങുന്നതിനും മെഡിക്കൽ വേസ്റ്റ് ഒഴിവാക്കുന്നതിനായി സർവ്വീസ് ചാർജ്ജ് നല്കുന്നതിനുമാണ് ഇത്. ഇതുമായ് ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. ഇമേജ് (IMAGE) -മായുള്ള കരാർ.

2.സർവ്വീസ് ചാർജ്ജ് റേറ്റ് നിജപ്പെടുത്തിയ തീരുമാനം.

3.ഇതുമായ് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് / തീരുമാനം.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 14 /തീയ്യതി:8.11.2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 69550 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു

## 3-10 ക്ഷീര സഹകരണ സംഘങ്ങളിലൂടെ പാലിന് സബ്സിഡി-ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല-134822രൂപ തടസപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - ഡയറി ഡവലപ്മെന്റ് ഓഫീസർ

പ്രൊജക്റ്റ് നമ്പർ : 44/17

പ്രൊജക്റ്റിന്റെ പേര് : ക്ഷീര സഹകരണ സംഘങ്ങളിലൂടെ പാലിന് സബ്സിഡി

അടങ്കൽ :500000 (വികസന ഫണ്ട്)

ബിൽ നം./ തീയതി :1/22.3.17 500000

മേൽതുക ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങളിലൂടെ പാലിന് സബ്സിഡി നൽകുന്നതിന് അഴീക്കോട്,ചിറക്കൽ,പാപ്പിനിശ്ശേരി എന്നീ പഞ്ചായത്തുകളിലെ വെറ്ററിനറി സർജ്ജൻമാർ വഴി നല്കി.ഇതിൽ പാപ്പിനിശ്ശേരി പഞ്ചായത്തിന് നല്കിയ 300103രൂപയിൽ 165281 രൂപ മാത്രമാണ് ചിലവഴിച്ചിട്ടുള്ളത് (പഞ്ചായത്ത് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം). ബാക്കിയുള്ള 134822രൂപ തിരിച്ചടച്ചതായും കാണുന്നില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 13 /തീയ്യതി:8.11.2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.ആയതിനാൽ ഈയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള 134822രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ചെലവഴിച്ചില്ലെങ്കിൽ തുക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

## 3-11 പ്ലാസ്റ്റിക്ക് റീ സൈക്ലിംഗ് യൂനിറ്റിന് 2098398 രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങി-പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല-അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 115/17

പ്രൊജക്റ്റിന്റെ പേര് :പ്ലാസ്റ്റിക്ക് റീ സൈക്ലിംഗ് യൂനിറ്റിന് യന്ത്രോപകരണങ്ങൾ വാങ്ങൽ

അടങ്കൽ :2098400

വികസന ഫണ്ട് :1098400

സംസ്ഥാന വിഹിതം :100000

ഗ്രാമപഞ്ചായത്ത് വിഹിതം :900000

ബിൽ നം./ തീയതി :24/31.3.17 1098400

വൗച്ചർ നം./ തീയതി :14/31.3.17 99998

ബിൽ നം./ തീയതി :24/31.3.17 900000

------------

ആകെ 2098398

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് ബ്ലോക്കിന്റെ അധീനതയിലുള്ള പ്ലാസ്റ്റിക്ക് റീ സൈക്ലിംഗ് യൂനിറ്റിൽ നിന്നും വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യൂനിറ്റ് സ്ഥാപിക്കാൻ യന്ത്രോപകരണങ്ങൾ വാങ്ങുക എന്നതാണ് പദ്ധതി. ഇതിനായി ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റാം ബയോളജിക്കൽസ്, വെസ്റ്റ് ഹിൽ, കോഴിക്കോട് നിന്നും ഇൻവോയ്സ് നമ്പർ 020/28.3.17 പ്രകാരം 2098398 രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിച്ചെങ്കിലും പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. യന്ത്രോപകരണങ്ങളുടെ ഗ്യാരന്റി കാലയളവ് ഒരു വർഷമാണ്. ഇപ്പോൾ 7 മാസം കഴിഞ്ഞു. പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇതു കൂടാതെ മതിയായ ഇലക്ട്രിഫിക്കേഷൻ സൗകര്യം ഉറപ്പ് വരുത്താതെയാണ് യന്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിച്ചത്. നിലവിൽ ഇത് മതിയാവാത്തതിനാൽ 2017-18 ൽ ത്രീ ഫേസ് വയറിംഗിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല യന്ത്രങ്ങൾ ഉപയോഗിക്കാതെ സൂക്ഷിച്ച് വയ്ക്കുന്നത് മൂലം അവ തുരുമ്പെടുത്ത് നശിക്കാനുള്ള സാധ്യത ഉണ്ട്. പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താത്തത് ഭരണസമിതിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള കുറ്റക്കരമായ അനാസ്ഥയായി കാണുന്നു. ആയതിനാൽ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## **3-12** <u>സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നല്കൽ-കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-**150815** രൂപ തടസപ്പെടുത്തുന്നു.</u>

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ : 118/17

പ്രൊജക്ടിന്റെ പേര് :സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നല്കൽ

അടങ്കൽ :150815 (വികസന ഫണ്ട്)

ബിൽ നം./ തീയതി :25/31.3.17 150815

മേൽതുക എക്സിക്യൂട്ടീവ് ഡയരക്ടർ, സാമൂഹ്യ സുരക്ഷാ മിഷന് നല്കിയതിന്റെ വിവരങ്ങൾ, തുകയുടെ കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 17

/തീയ്യതി:8.11.2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 150815 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-13 പ്രസിഡണ്ടിൻെറ ഔദ്യോഗിക വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ

a. വാഹനം റിപ്പയർ - അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിൻെറ ഔദ്യോഗിക വാഹനം( KL-13 Y 2342, xylo) റിപ്പയർ ചെയ്ത വകയിൽ 2016-17 വർഷത്തിൽ താഴെ കാണിച്ചിരിക്കുന്ന രീതിയിൽ ചെലവ് വന്നിട്ടുണ്ട്.

| വൗച്ചർ നം | തീയതി | തുക | ചെക്ക് നം |
|---|---|---|---|
| 8 | 06.10.2016 | 20000 | 1764538 |
| 10 | 18.10.2016 | 23200 | 1764540 |
| 11 | 23.03.2017 | 21727 | 3027204 |
| ആകെ 64927 | | | |

ജി.ഒ. (എം എസ്) 170/07 ത .സ്വ.ഭ.വ 30.06.2007 നം ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനത്തിൻെറ അറ്റകുറ്റപണിയുടെ ചെലവ് 10000 രൂപയിൽ അധികരിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻെറ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷൻെറ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപണി ചെയ്യിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് ഇവിടെ ഗോപീസ് കാർ കെയർ,ചക്കരക്കൽ എന്ന സ്ഥാപനത്തിന് പ്രസിഡണ്ടിൻെറ ഔദ്യോഗിക വാഹനം അറ്റകുറ്റപണി നടത്തുന്നതിനായി നൽകിയത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

b.ലോഗ് ബുക്ക് സൂക്ഷിപ്പ് - അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിൻെറ ഔദ്യോഗിക വാഹനത്തിൻെറ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള മാസാന്ത്യ സംക്ഷിപ്തം വിശദമായി എഴുതി സൂക്ഷിക്കുന്നില്ല.

2. യാത്ര ചെയ്ത ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നില്ല.

3.വാഹനത്തിൻെറ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. കൂടാതെ വാഹനത്തിൻെറ അറ്റകുറ്റപണി പണി നടത്തിയതിൻെറ വിവരങ്ങളും ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മേൽ അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാനും, ലോഗ് ബുക്ക് കൃത്യമായി

എഴുതി സൂക്ഷിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിലുള്ള വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താനിയിട്ടില്ല.

1. എന്നാൽ AFS-ലെ ബി.4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാൻ ബാക്കിയായി/ബാധ്യതയായി കാണിച്ചിട്ടുണ്ട് (തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നുള്ളത്).

ഗ്രാമപഞ്ചായത്ത് (ക്യാപ്പിറ്റൽ ചെലവ്) – 1225595

ഗ്രാമപഞ്ചായത്ത് (റവന്യൂ ചെലവ്) – 603000

ജില്ലാ പഞ്ചായത്ത് (ക്യാപ്പിറ്റൽ ചെലവ്) – 180962

ജില്ലാ പഞ്ചായത്ത് (റവന്യൂ ചെലവ്) – 3063255

ആയത് വിനിയോഗിക്കാതെ കിടന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മറ്റു ഫണ്ടുകളടക്കം മൊത്തം 71.98 ലക്ഷം ഇങ്ങിനെ ബാധ്യതയായുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

AFS-ലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് വർക്കിന് നൽകിയതായി കാണുന്നു.

കേരള വാട്ടർ അതോറിറ്റി – 289000

ANERT – 1080800

ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് – 16600

ആയത് എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

AFS-ലെ ബി.18 ഷെഡ്യൂൾ പ്രകാരം 3694 രൂപ ടെംപററി അഡ്വാൻസ് ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് വിശദീകരിച്ചിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

- ഇല്ല-

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62127869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64455519 |
| വരവിനങ്ങളിലുള്ള നഷ്ടം | ------ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 814552 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 3-3 | 138668 | ശ്രീമതി.ശോഭകുമാരി.കെ.ജി, സി.ഡി.പി.ഒ |
| 3-5 | 72900 | ശ്രീമതി.ആയിഷ, (ജോയിന്റ് ബി.ഡി.ഒ) |
| 3-8 | 247797 | ശ്രീ.വിഷണു.എസ്.നായർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-9 | 69550 | ഡോ.ഷാഹിനാ ബായി |
| 3-10 | 134822 | ശ്രീമതി.സ്മിത മാരാർ, ക്ഷീരവികസന ഓഫീസർ |
| 3-12 | 150815 | ശ്രീമതി. ആയിഷ , സെക്രട്ടറി |
| ആകെ | 814552 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല-

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല-

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(1) /11-03-13 | 2 |
| 2001-02 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / | 2 |

| | | |
|---|---|---|
| | 1445 /2012(2) /11-03-13 | |
| 2003-04 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(3) /15-03-13 | 3 |
| 2004-05 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(4) /15-03-13 | 5 |
| 2005-06 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(5) /15-03-13 | 9 |
| 2006-07 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(6) /15-03-13 | 10 |
| 2007-08 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(7) /15-03-13 | 5 |
| 2008-09 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 1445 /2012(8) /15-03-13 | 3 |
| 2009-10 , 2010-11, 2011-12 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 97 /2013 /12-12-14 | 25 |
| 2012-13 , 2013-14 | എൽ.എഫ്. കെ.എൻ.ആർ / ഡി.1 / 874 /15 /16-07-15 | 16 |
| 2014-15 | കെ.എസ്.എ./ കെ.എൻ.ആർ / ഡി 1 /1639 / 16/05-10-16 | 18 |
| 2015-16 | കെ.എസ്.എ./ കെ.എൻ.ആർ / സി-5 / 387/ 17/ 24-03-17 | 22 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Appendix - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ.കെ എൻ ആർ/സി.5/1834/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി: 16.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No.KSA/KNR/C.5/1834/2017

Kerala State Audit Department,

District Audit Office, Kannur,

Phone: 0497 2707698

E-Mail: doknr.ksad@kerala.gov.in

Date 16.11.2017

Certified that I have audited the Annual Financial Statement of Kannur Block panchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Kannur Block panchayath for the year 2016-17 except the observations in my Audit report properly presents the picture of

income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR

# Appendix - 2

# Income and expenditure statement

Kannur Block Panchayath

Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | 1-1 | |
| 130000000 | Rental income from panchayath properties | I-3 | |
| 140000000 | Fee &User charges | 1-4(b) | |
| 150000000 | Sale &Hire Charges | 1-5(b) | |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | |
| 170000000 | Interest Earned | 1-8 | |
| 180000000 | Other income | 1-9 | |
| A | Total Income | | |
| | | | |
| 210000000 | EstablishmentExpenses | 1-10(b) | |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | 1-11(b) | |
| 230000000 | Operations &Maintanance | 1-12(b) | |
| 240000000 | Interest &Finance Charges | 1-13 | |
| 250000000 | Decentralised Plan programme – Productive Sector | 1-14 | |
| 2510000000 | Decentralised Plan programme – Service Sector | 1-14(a) | |
| 2520000000 | Decentralised Plan programme – Infrastructure Sector | 1-14(b) | |
| 253000000 | Decentralised Plan programme – Projects not included in Sector Division | 1-14(c) | |
| 254000000 | Expenditures of Transferred Institutions &State Sponsored Schemes | 1-14(d) | |
| 255000000 | Maintanance Projects | 1-14(e) | |
| 256000000 | Other Revenue Grants and Funds – Revenue Expenses | 1-15(a) | |
| 272000000 | Depreciation | 1-17(a) | |
| B | Total - Expenditure | | |
| C=A-B | Gross Surplus/ Deficit of Income over Expenditure | | |
| D=280000000 | Prior period Item | 1-18 | |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

Senior Deputy Director

# appendix-3

## receipt and payment statement

Kannur Block Panchayath

Receipt And Payment Statement

For the period from 01 April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 17018369 |
| | Cash | RP-40(a) | 320 |
| | Receipts | | |
| Operating | | | |
| 110000000 | Tax evenue | RP- 1 | |

| | | | |
|---|---|---|---|
| 130000000 | Rental income from Panchayath properties | RP-3 | 0 |
| 140000000 | Fees &User Charges | RP- 4 | 25378 |
| 150000000 | Sale &Hire Charges | RP- 5 | 63998 |
| 160000000 | Revenue Grants ,Funds,Contributions &Compensations | RP- 7 | 3935049 |
| 171000000 | Interest Earned | RP- 9 | 158978 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 51899123 |
| 350000000 | Other Liabilities | RP-36 | 5255046 |
| Non Operating | | | |
| 180000000 | Other income | RP-10 | |
| 311000000 | Earmarked Funds | RP-29 | |
| 340000000 | Deposits Received | RP- 34 | 126110 |
| 350000000 | Other Liabilities | RP- 36 | 5255046 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors(Receivables) | RP- 43 | 394143 |
| 460000000 | Loans,Advances and Deposits | RP- 47 | 238600 |
| Grand Total | | | |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 1528739 |
| 220000000 | Administrative Expenses | RP-12 | 460442 |
| 230000000 | Operatations &Maintanance | RP-13 | 223820 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 3314414 |
| 251000000 | Decentralised plan programme – Service Sector | RP-16 | 41575707 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 1508084 |

| | | | |
|---|---|---|---|
| 253000000 | Decentralised plan programme –Projects not included in sector | RP-18 | 26406 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 869741 |
| 255000000 | Maintanance Projects | RP-20 | 94098 |
| 256000000 | Other Revenue Grants and Funds-Revenue Expenses | RP-21 | 213611 |
| 280000000 | Prior period Item | RP-26 | 44823 |
| 320000000 | Grants,Funds &Contributions for Specific Purposes | RP-31 | 3588924 |
| 350000000 | Other Liabilities | RP-36 | 96000 |
| Non Operating | | | |
| 240000000 | Interest &Finance Charges | RP-14 | 66651 |
| 280000000 | Prior period item | RP-26 | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 174441 |
| 350000000 | Other Liabilities | RP-36 | 130696 |
| 410000000 | Fixed Assets | RP-38 | 8102472 |
| 412000000 | Capital work in progress | RP-40 | 2036450 |
| 460000000 | Loans,Advances and Deposits | RP-47 | 200000 |
| | Closing Balance | | |
| | Bank | RP-40(b) | 14691039 |
| | Cash | RP-40(b) | 0 |
| Grand Total | | | |

Senior Deputy Director

# appendix-4

# Balance sheet

KANNUR BLOCK PANCHAYATH

Balance Sheet

As on 31 March, 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve &surplus | | |
| 310000000 | Panchayat Funds | B-1 | 13899731 |
| 311000000 | Earmarked Funds | B-2 | 0 |
| 312000000 | Reserves | B-3 | 13134642 |

| | | | |
|---|---|---|---|
| | Total Reserve &surplus | | 27034373 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 7198952 |
| | Total Grants,Funds &Contributions for Specific Purposes | | 7198952 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 484235 |
| 350000000 | Other Liabilities | B-9 | 13957266 |
| | Total Current Liabilities and Provisions | | 14441501 |
| | TOTAL LIABILIITIES | | 48674826 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 34637782 |
| 411000000 | Accumulated Depreciation | B-11 | -4130296 |
| 412000000 | Capital Work In Progress | B-11(a) | 2036450 |
| | Total Fixed Assets | | 32543936 |
| 420000000 | Investments<br>Investments | | |
| | Current Assets,Loans and Advances | B-12 | |
| | Total Investments | | |
| 431000000 | Sundry Debtors (Receivables) | B-15 | 49757 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 14691039 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | B-18 | 1390094 |
| | Total Current Assets,Loans and Advances | | 16130890 |
| | Total Assets | | 48674826 |

Senior Deputy Director